കേരള സർക്കാർ

# ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)
നം.കെ.എസ്.എ-ഇ.കെ.എം(പി12)227/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം ,
എറണാകളം ജില്ല
സിവിൽ സ്റ്റേഷൻ,കാക്കനാട്
പിൻ - 682030
ഫോൺ : 0484 -422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :21.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം(പി12 ) 227/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി:21.03.2019

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ

2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 19-01-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി ആർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2019മുതൽ 31.1.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ | |
| | ശ്രീ വിനീത് ആർ, അസി.ഓഡിറ്റ് ഓഫീസർ | |
| | ശ്രീ ടിനു കെ ജെ, ഓഡിറ്റർ | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.എ എം ഇസ്മായിൽ<br>2.ടി ജി അനൂപ് | 1/04/2017മുതൽ 07/01/2018 വരെ<br>08/01/18 മുതൽ 31/3/18വരെ |
| സെക്രട്ടറി | 1.ഷിബു എം കെ<br>2.വിജയം എൻ ആർ | 1/4/17മുതൽ 23/06/17 വരെ<br>24/6/17മുതൽ 31/03/18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ലിജി ടി എൻ | 1/04/2017 മുതൽ 31/3/18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വിജയമാലിനി | 1/04/2017 മുതൽ 31/3/18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ ശ്രീകുമാർ എം എസ് | 1/04/2017മുതൽ 31/3/18 വരെ |
| കൃഷി ഓഫീസർ | 1.ഷീന ടി സി | 01/04/17മുതൽ 25/10/17 വരെ |
| | 2. ആതിര പി സി | 26/10/17 മുതൽ 31/3/18 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ മഞ്ജു കെ എസ് | 1.04.2017 മുതൽ 31.3.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1.ഡോ ഋഷികേഷൻ | 1/4/17 മുതൽ 5/10/17 വരെ |
| | 2.രാഖി | 6/10/17 മുതൽ 31/3/18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1.ഡോ ആശാമോൾ ടി സി | 1/4/17 മുതൽ 19/7/17 വരെ |
| | 2.ബിനോ സേവ്യർ | 20/7/17 മുതൽ 31/3/18 വരെ |
| വി.ഇ.ഒ (ചേന്ദമംഗലം) | 1.ഗിരി എം ആർ | 01/04/17 മുതൽ 6/10/17 വരെ |
| | 2. വിജയ | 7/10/17മുതൽ 31/3/18 വരെ |
| വി.ഇ.ഒ (മൂത്തകുന്നം) | സീമ ടി ആർ | 1.04.2017 മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അംബിക എ എസ് | 1.04.2017 മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റെഷൻ ഓഫീസർ | 1.സുനിൽ കുമാർ എം ബി | 01/04/17 മുതൽ 5/10/17 വരെ |
| | 2. ഷൈജ | 6/10/17മുതൽ 31/3/18 വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി. സ്കൂൾ, | ജയലക്ഷ്മി | 1.04.2017 മുതൽ 31.3.2018 വരെ |
| സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | സബീന ടി എച്ച് | 1.04.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു | 1-13 |
| 14 | ഓഡിറ്റ് ഇംപാക്ട് | 1-14 |
| | ഭാഗം 2 | |
| 15 | സാംഖ്യ രസീതുകളും കയ്യെഴുത്ത് രസീത് ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമായില്ല | 2-1 |
| 16 | ഇ- ടെണ്ടർ ഫോറം വില -ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക | 2-2 |
| 17 | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 19 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-1 |
| 20 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 21 | സേവന നികുതിയിനത്തിൽ അധികചെലവ് 66502 രൂപ | 3-3 |
| 22 | തൊഴിലുറപ്പു പദ്ധതി-പ്രവർത്തനാവലോകനം | 3-4 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 30 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2017-18) | അനുബന്ധം1 |
| 34 | ബാലൻസ് ഷീറ്റ് (2017-18) | അനുബന്ധം2 |
| 35 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2017-18) | |
| 36 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2017-18) | |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29/03/2017 തീയതിയിലെ 1(1 )നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28/03/2018 തീയതിയിലെ 1(1) നം.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 31/05/2018 |

.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12.06.18-13.06.18 | KSA-EKM(PG)1786(18)/18 /30.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14601754.00 |
| വരവ് | 64256863.00 |
| ആകെ | 78858617.00 |
| ചെലവ് | 73229245.00 |
| നീക്കിയിരിപ്പ് | 5629372.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 14371810 | 14371810 | 14371810 | 0 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 4024541 | 4024541 | 3958336 | 0 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 2998 | 2998 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8651557 | 8651557 | 6946783 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3831053 | 3831053 | 3795446 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6660820 | 6660820 | 6143575 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 2158134 | 2158134 | 1305766 | 0 |
| സാക്ഷരത | 7692 | 596 | 8288 | 298 | 7990 |
| എം.ജി.എൻ. ആർ.ഇ.ജി. എസ്(തൊഴിലാളികളുടെ കൂലി) | 0 | 11221882 | 11221882 | 11221882 | 0 |
| എം.ജി.എൻ. ആർ.ഇ.ജി. എസ്(അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 3847 | 616768 | 620615 | 614673 | 5942 |
| ബി ഫണ്ട് | 0 | 53042000 | 53042000 | 53042000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 256620 | 5483000 | 5739620 | 2367548+ 3372072 (redemption) | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 10237000 | 10237000 | 10237000 | 0 |
| തനത് ഫണ്ട് | 14297846 | 9729425 | 24027271 | 16041288 | 7985983 |
| മറ്റിനം - ജനകീയ ഭവന പദ്ധതി | 35749 | 0 | 0 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 42136403 | 127 | 29691037 | 0 | 36 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3847 | 616768 | 620615 | 614673 | 5942 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11221882 | 11221882 | 11221882 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21000 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 848200 | 72 |
| വിധവാപെൻഷൻ | 16270600 | 1396 |
| വാർദ്ധക്യകാലപെൻഷൻ | 29831600 | 2522 |
| വികലാംഗപെൻഷൻ | 4399300 | 382 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 360000 | 12 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1311300 | 157 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/01/2019 – ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 9892/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ, V.E.O,ക്ഷീരവികസന ഓഫീസർ, ICDS, ഫിഷറീസ് ഇൻസ്പെക്ടർ, HM(GLPS), മെഡിക്കൽ ഓഫീസർമാർ എന്നിവരൊഴികെയുള്ള നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ, രജിസ്റ്ററുകൾ, ഫയലുകൾ, എന്നിവ കൂടാതെ ഗ്രാമപഞ്ചായത്ത് രസീത് ബുക്കുകൾ, ഹാജർ ബുക്കുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ, നികുതി/നികുതിയേതര രജിസ്റ്ററുകൾ, വൗച്ചറുകൾ, മറ്റ് രേഖകൾ മുതലായവ പ്രളയം മൂലം നശിച്ച് പോയിട്ടുള്ളതിനാൽ ആയവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ടെങ്കിലും സാംഖ്യ രസീതുകൾ പൂർണമായും കയ്യെഴുത്ത് രസീത് ബുക്കുകൾ ഭാഗികമായും പരിശോധനക്ക് ലഭ്യമായില്ല. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്-ചെലവ് അനുപാതവും, നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

3.പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

5. പ്രോജക്ടുകൾ, രജിസ്റ്ററുകൾ, ഫയലുകൾ, നികുതി രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, ആസ്തി രജിസ്റ്ററുകൾ, വൗച്ചറുകൾ, മറ്റ് രേഖകൾ മുതലായവ പ്രളയം മൂലം നശിച്ച് പോയിട്ടുള്ളത് കണക്കിലെടുത്ത് പഞ്ചായത്തിന്റെയും മറ്റ് അനുബന്ധസ്ഥാപനങ്ങളുടെയും നിലവിലുള്ള സ്ഥാവര/ജംഗമ ആസ്തികൾ തിട്ടപ്പെടുത്തുവാൻ കണക്കെടുപ്പ് നടത്തി സ്റ്റോക്ക് രജിസ്റ്ററുകൾ, ആസ്തി രജിസ്റ്ററുകൾ മുതലായവ പുനർനിർമ്മിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് ഭരണസമിതി

അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.1.2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഡിസംബർ 2017 | 2012-13 to 2016-17 | 25/1/18 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1-ന്റെ ഭാഗമായി ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ചേർത്തിട്ടുണ്ട്.

## 1-13 പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു

താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ 2017 -18 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവു രേഖകൾ 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ നഷ്ടപ്പെട്ടതായി പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥർ രേഖാമൂലം ഓഡിറ്റിനെ അറിയിച്ചു.

1.പഞ്ചായത്ത് സെക്രട്ടറി,

2.അസിസ്റ്റന്റ് സെക്രട്ടറി,

3.വെറ്ററിനറി സർജൻ

കൂടാതെ, ക്ഷേമ പെൻഷനുകൾ, വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവ സംബന്ധിച്ച ഓഡിറ്റ് വർഷത്തെ രേഖകളും നഷ്ടപ്പെട്ടതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അതിനാൽ മേൽപ്പറഞ്ഞ രേഖകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-14 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി നം. 06/23-01-2019 നെ തുടർന്ന് താഴെ ചേർത്ത പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 6 | ഡി ആന്റ് ഒ ലൈസൻസ് ഫീ(പ്രസീദം പെട്രോളിയം പ്രൊഡക്ട്സ്,ചേന്ദമംഗലം | 3500 | 118080103817/29.01.19 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകളും കയ്യെഴുത്ത് രസീത്ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമായില്ല

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ 2017-18 സാമ്പത്തിക വർഷം ഉപയോഗിച്ച സാംഖ്യ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. 25.03.2017 ൽ ഇഷ്യൂ ചെയ്ത സ്റ്റേഷനറി നമ്പർ 2514001 മുതൽ 2517000 വരെയും, 28.10.2017 ന് ഇഷ്യൂ ചെയ്ത സ്റ്റേഷനറി നം. 0111001 മുതൽ 0114000 വരെയും 06.03.2018 ന് ഇഷ്യൂ ചെയ്ത സ്റ്റേഷനറി നമ്പർ 3183001 മുതൽ 3186000 വരെയുള്ള സാംഖ്യ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും 2017-18 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത 13249 മുതൽ 13271 വരെയും 13278 മുതൽ 13279 വരെയും 13282 മുതൽ 13291 വരെയും 2018-19 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത 13293 മുതൽ 13296 വരെയും 26041 മുതൽ 26043 വരെയുമുള്ള കയ്യെഴുത്ത് രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. 2017-18 വർഷത്തെ പരിശോധനയ്ക്ക് ലഭ്യമായ കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കേഷൻ ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

.

## 2-2 ഇ- ടെണ്ടർ ഫോറം വില -ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക

ഇ -ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ഫോറം വിലയായി ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. 2014-15 മുതൽ

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

2014-15 - 5250.00

2015-16 - 36700.00

2016-17 - 11340.00

2017-18 - 89480.00

2018-19(upto31/12/18) – 35952

ആകെ 178722/-രൂപ

ടി തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

1) ചേന്ദമംഗലം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

2) ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സൗത്ത് ഇന്ത്യൻ ബാങ്ക്, ചേന്ദമംഗലം | I, II |
| 2 | ബി.എസ്.എൻ.എൽ. ചേന്ദമംഗലം | I, II |
| 3 | ഹാൻഡ്‌ലൂം വീവേഴ്സ് കോ ഓപ്പറേറ്റീ സൊസൈറ്റി 191 | I, II |
| 4 | ഓറിയന്റൽ ഇൻഷുറൻസ് കമ്പനി, ചേന്ദമംഗലം | I, II |
| 5 | വടക്കുംപുറം ക്ഷീരസഹകരണ സംഘം | I, II |
| 6 | കോട്ടയിൽ കോവിലകം ക്ഷീരസഹകരണസംഘം | II |
| 7 | മാവേലി സ്റ്റോർ, ചേന്ദമംഗലം | I, II |
| 8 | തുരുത്തിപ്പുറം ക്ഷീരസഹകരണ സംഘം | I, II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

3) ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | KAT എഞ്ചിനീയറിംഗ്, ചേന്ദമംഗലം | I, II |
| 2 | കോട്ടയിൽ കോവിലകം ക്ഷീരസഹകരണ സംഘം | II |
| 3 | വടക്കുംപുറം ക്ഷീരസഹകരണ സംഘം | I, II |
| 4 | തുരുത്തിപ്പുറം ക്ഷീരസഹകരണ സംഘം | I, II |
| 5 | മാവേലിസ്റ്റോർ, ചേന്ദമംഗലം | I, II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

## 2-4 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിക്കാം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനും ഫണ്ട് ശേഖരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ, ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (എൻക്വയറി നമ്പർ 12 & 13 തീയതി.29.01.2019) ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകളിലെ ചെലവു തുകകൾ (4023078രൂപ) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു തുക | ഹാജരാക്കാതിരുന്ന രേഖകൾ |
|---|---|---|---|---|
| 1 | 16/18, എസ്.എസ്.എ വിഹിതം അടവാക്കൽ | ഹെഡ്മിസ്ട്രസ്, ചേന്ദമംഗലം ഗവൺമെന്റ് എൽ.പി. സ്കൂൾ. | 545000/- രൂപ -ബിൽ നമ്പർ 1, തീ.29.06.17 598147/- രൂപ | എസ്.എസ്.എ പ്രോജക്ട് ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | -ബിൽ നമ്പർ 2, തീ.29.06.17, 86561/- രൂപ -ബിൽ നമ്പർ 2, തീ.15.02.18 ആകെ ചെലവ് - 12,29,708 രൂപ | |
| 2 | 174/18, ഗോതുരുത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം – ഭൌതിക സാഹചര്യങ്ങൾ ഒരുക്കി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിലേക്ക് എൻ.എച്ച്.എം. ലേക്ക് പഞ്ചായത്ത് വിഹിതം നൽകൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചേന്ദമംഗലം | 200000/- രൂപ, ചെക്ക് നമ്പർ 2429681, തീയതി. 26.03.18 | തുക എൻ.എച്ച്.എം. കൈപ്പറ്റിയതിന്റെ രസീത്, തുക വിനിയോഗിച്ച തായുള്ള സാക്ഷ്യപത്രം / ചെലവു രേഖകൾ |
| 3 | 10/2018, വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | സെക്രട്ടറി | 351008/- രൂപ, ബിൽ നമ്പർ 255, തീ.06.03.18 | കെ.എസ്.ഇ.ബി. യുടെ വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 4 | 73/2018, വാട്ടർ അതോറിറ്റി പൊതു പൈപ്പ് ലൈൻ സ്ഥാപിക്കൽ (വാർഡ് – 11) | സെക്രട്ടറി | 230067/- രൂപ, ബിൽ നമ്പർ 153, തീ.26.12.17 | വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം |
| 5 | 153/2018, കുടിവെള്ളക്ഷാമമുള്ള വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | 553425/- രൂപ, ബിൽ നമ്പർ 155, തീ.26.12.17 | വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം |
| 6 | 162/2018, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | 831280/- രൂപ, ബിൽ നമ്പർ 242, തീ.02.03.18 | വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം |
| 7 | 175/2018, കുടിവെള്ളക്ഷാമമുള്ള വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | 327590/- രൂപ, ബിൽ നമ്പർ 337, തീ.24.03.18 | വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം |
| 8 | 176/2018, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | സെക്രട്ടറി | 300000/- രൂപ, ബിൽ നമ്പർ 331, തീ.24.03.18 | കെ.എസ്.ഇ.ബി. യുടെ വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | ആകെ | | 4023078/-രൂപ | |

## 3-2 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ചേന്ദമംഗലം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ നഷ്ടപ്പെട്ടതായി കൃഷി ഓഫീസർ രേഖാമൂലം അറിയിച്ചു. ഓഡിറ്റിന് ഹാജരാക്കിയ മറ്റ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

എ) പ്രോജക്ട് നമ്പർ 137/18 – 'വാഴകൃഷി വികസനം' എന്ന പ്രോജക്ടിൽപ്പെടുത്തി ജൈവവളം വാങ്ങിയതിന്റെ സബ്സിഡിയായി ബിൽ തുകയുടെ 75 ശതമാനം തുക കർഷകർക്ക് ബാങ്ക് അക്കൌണ്ടിലൂടെ നല്കിയിട്ടുണ്ട്. ഇതിൽ രണ്ട് കർഷകർക്ക് 50000 രൂപയ്ക്ക് മുകളിലുള്ള തുകകളാണ് നല്കിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| കർഷകന്റെ പേര് | നൽകിയ തുക | ബിൽ നമ്പരും തീയതിയും |
|---|---|---|
| സക്കീന ഇസ്മയിൽ | 63257/- രൂപ | ബിൽ തുക -312368/- രൂപ, Treasury bill no. CHM – 7/17-18 തീയതി.11.01.2018 |
| പ്രീജ | 50008/- രൂപ | ബിൽ തുക -99463 രൂപ, Treasury Bill No.CHM -20/17-18 തീയതി.14.03.2018 |

വളം സബ്സിഡി ഇനത്തിൽ ഓരോ കർഷകനും അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക പഞ്ചായത്ത് നിശ്ചയിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.03.2017 ലെ ജി.ഒ.(എം.എസ്.)72/2017) നിഷ്കർഷിച്ചിരുന്നു. അപ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലില്ലായിരുന്നു. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -12, തീ.29.01.2019) മറുപടിയായി പറഞ്ഞിരിക്കുന്നത് പരമാവധി സബ്സിഡി തുകയ്ക്ക് പഞ്ചായത്ത് പരിധി നിശ്ചയിച്ചിട്ടില്ലെന്നാണ്. ഇക്കാര്യം പഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.04.2017 ലെ ജി.ഒ.(എം.എസ്)80/2017 ൽ പറഞ്ഞിരിക്കുന്ന പൊതു നിബന്ധനകളിലെ ഖണ്ഡിക 2.17 പ്രകാരം

പൊതുവിഭാഗത്തിന് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡിയായ 30000/- രൂപയോ, പ്രസ്തുത പരിധിയിൽ അധികരിക്കാതെ പഞ്ചായത്ത് തീരുമാനിക്കുന്ന തുകയോ പരമാവധി സബ്സിഡി തുകയായി നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ മേൽക്കാണിച്ചിരിക്കുന്ന 113265/- രൂപയുടെ (63257 + 50008) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) പ്രോജക്ട് നമ്പർ 140/18 – 'ഗ്രാമം ഹരിതാഭം – പച്ചക്കറി വികസനം' എന്ന പ്രോജക്ടിൽപ്പെടുത്തി ജൈവവളം വാങ്ങിയതിന്റെ സബ്സിഡി, കാർഷിക ഉപകരണങ്ങൾ വാങ്ങിയതിന്റെ വില എന്നിവ പാസാക്കി നല്കിയതിൽ അനുവദനീയമായ സബ്സിഡി നിരക്ക് അധികരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | ചെലവു നടത്തിയതിന്റെ വിവരം | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം നല്കിയ സബ്സിഡി |
|---|---|---|---|---|
| 140/18, ഗ്രാമം ഹരിതാഭം – പച്ചക്കറി വികസനം | RAIDCO യിൽ നിന്നും കാർഷിക ഉപകരണങ്ങൾ വാങ്ങിയതിന് ബിൽ തുക - 38145 രൂപ. (ഇൻവോയ്സ് നമ്പർ -ALV/1137 /2017-2018 തീയതി.21.12.2017.)<br><br>ട്രഷറി ബിൽ നമ്പർ - CHM – 8/17-18 തീയതി. 17.01.2018. | 100% 38145/- രൂപ | 90% 34331/- രൂപ | 3814/- രൂപ |
| 140/18, ഗ്രാമം ഹരിതാഭം – പച്ചക്കറി | RAIDCO യിൽ നിന്നും ജൈവവളം വാങ്ങിയതിന്റെ ബിൽ തുക 380000/- രൂപ. (ഇൻവോയ്സ് നമ്പർ | 84.21% 320000/- രൂപ | 75% 285000/- രൂപ | 35000/- രൂപ |

| | | | | |
|---|---|---|---|---|
| വികസനം | -ALV/640 /2017-2018 തീയതി.27.11.2017.)<br><br>പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ തുക - 320000/- രൂപ.<br><br>ട്രഷറി ബിൽ നമ്പർ - CHM – 4/17-18 തീയതി. 11.01.2018. | | | |
| ആകെ | | 358145/- രൂപ | 319331/- രൂപ | 38814 രൂപ |

സബ്സിഡി മാർഗ്ഗരേഖയിൽ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.03.2017 ലെ ജി.ഒ.(എം.എസ്.)72/2017) നിഷ്കർഷിച്ചിരുന്നതിലും അധികം തുക സബ്സിഡി ഇനത്തിൽ വിനിയോഗിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ -12,തീ.29.01.2019) നല്കിയതിന് ഹാജരാക്കിയ മറുപടിയിൽ അധികം നല്കിയ സബ്സിഡി തുക പിന്നീട് ട്രഷറിമുഖേനയും, ബ്ലോക്ക് വിഹിതം/ഗുണഭോക്തൃവിഹിതം എന്നിവ പ്രകാരവും നൽകിയ തുകകളിലൂടെ ക്രമീകരിച്ചിട്ടുണ്ടെന്നാണ് വിശദീകരിച്ചത്. സർക്കാർ നിഷ്കർഷിച്ച സബ്സിഡി പരിധി കൃത്യമായി പാലിക്കേണ്ടതും പദ്ധതിചെലവുകളിൽ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-3 സേവന നികുതിയിനത്തിൽ അധികചെലവ് 66502 രൂപ

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ, 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ

വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്റ്റിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയിൽ സേവന നികുതി ഉൾപ്പെടുത്തുകയും കരാറുകാർ തുക ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടിയിനത്തിൽ കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അളവു പുസ്തകത്തിന്റെ നമ്പർ | സേവന നികുതി യിനത്തിൽ പിൻവലിച്ച തുക | ചെലവു വിവരം (ബിൽ നം) |
|---|---|---|---|
| അങ്കണവാടി നമ്പർ 130ന്റെ അറ്റകുറ്റപ്പണികൾ | 1026/2015-16 | 7542 | ബിൽ നമ്പർ 2 /17-18, തീയതി. 20-06-17, 83959/- രൂപ |
| അങ്കണവാടി നമ്പർ 77 ന് ഭൌതിക സാഹചര്യം നിർമ്മിക്കൽ | 1016/2015-16 | 9735 | ബിൽ നമ്പർ 18 /17-18, തീയതി. 23-08-17, 184951/- രൂപ |

| | | | |
|---|---|---|---|
| പി.എച്ച്.സി കെട്ടിടത്തിൽ ടൈൽ വിരിക്കൽ | 1018/2015-16 | 7190 | ബിൽ നമ്പർ 1 /17-18, തീയതി. 20-06-17, 80040/- രൂപ |
| സാംസ്കാരിക നിലയം, ഹോമിയോ ആശുപത്രി നവീകരണം - ഫേസ് 2 | 1030/2015-16 | 42035 | ബിൽ നമ്പർ 3 /17-18, തീയതി. 20-06-17, 416000/- രൂപ. 51917/- രൂപ തനത് ഫണ്ട് |
| | | 66502/- രൂപ | |

മുകളിൽ പറഞ്ഞിരിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കേണ്ടതില്ലായിരുന്നിട്ടും തുക ഒടുക്കിയത് ഒഴിവാക്കാമായിരുന്ന ഒരു ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 തൊഴിലുറപ്പ് പദ്ധതി-പ്രവർത്തനാവലോകനം

2017-18 ഓഡിറ്റ് വർഷം ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 2220 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 2850 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 530 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 552 |

| | |
|---|---|
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 36324 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 69 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 163 |

മേൽപ്പറഞ്ഞ വിവരങ്ങളിൽ നിന്നും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 69 തൊഴിൽ ദിനങ്ങൾ മാത്രമാണ് നൽകുവാൻ കഴിഞ്ഞത് എന്നും തൊഴിൽ ആവശ്യപ്പെട്ട 530 കുടുംബങ്ങളിൽ കേവലം 163 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത് എന്നും വ്യക്തമാകുന്നു. അതായത് കേവലം 30.75%.

ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ഈ പ്രദേശത്തെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 235000 | ഗ്രാമം ഹരിതാഭം | 235000 | 0 |
| ജില്ലാ പഞ്ചായത്ത് | “ | 4000000 | ലൈഫ് ഭവന പദ്ധതി | 3892112 | 107888 |
| “ | “ | 500000 | “ (പട്ടികജാതി) | 80000 | 420000 |
| ബ്ലോക്ക് പഞ്ചായത്ത് | “ | 200000 | പെയിൻ & പാലിയേറ്റീവ് | 200000 | 0 |
| “ | “ | 250000 | “ | 106620 | 143380 |
| “ | “ | 98000 | കൂട്ട മൽസ്യകൃഷി | 38000 | 60000 |
| “ | “ | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം. 10) | 305/22.3.18 | 93780 |
| " | " 10 | 258/6.3.18 | 19838 |
| " | " " | 255/6.3.18 | 237390 |
| " | " 176 | 331/24.3.18 | 151590 |
| " | " 176 | 331/24.3.18 | 148410 |
| കേരള വാട്ടർ അതോറിട്ടി | പൊതുപൈപ്പ് ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നം. 73) | 152/26.12.17 | 128411 |
| " | " " | 153/26.12.17 | 101656 |
| " | " 153 | 155/26.12.17 | 513425 |
| " | കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ (പ്രോജക്ട് നം. 153) | 154/26.12.17 | 40000 |
| " | " 162 | 242/2.3.18 | 831280 |
| " | " 175 | 337/24.3.18 | 476000 |
| | | ആകെ | 2741780/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| EMS ഭവനവായ്പ | 564/10 തസ്വഭവ തീയതി 22/2/2010 | 15000000 | 1916045 | 1495973 | - | 420072 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഖ.3-1 | 2011-12 | ഖ.3-1 | കൃഷിഭവനിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | 17/6/15ൽ നിയമസഭാ സമിതി മുൻപാകെ ഫയലുകൾ ഹാജരാക്കി |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64256863 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73229245 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4136343 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1229708 | ശ്രീമതി ജയലക്ഷ്മി,ഹെഡ്മിസ്ട്രസ്സ് |
| 3-1 | 200000 | ഡോ.മഞ്ജു കെ എസ്,മെഡിക്കൽ ഓഫീസർ |
| 3-1 | 2593370 | ശ്രീമതി വിജയം എൻ ആർ,സെക്രട്ടറി |
| 3-2(എ) | 113265 | ശ്രീമതി ആതിര പി സി,കൃഷി ഓഫീസർ |
| ആകെ | 4136343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 1979-80 | എൽ.എഫ്.ഇ(പി2) 946/96/4.4.97 |

| | |
|---|---|
| 1993-94 | എൽ.എഫ്.ഇ(പി2) 365/97/16.6.97 |
| 1998-99 | എൽ.എഫ്.ഇ(പി2) 910/00/9.5.01 |
| 1999-00 | എൽ.എഫ്.ഇ(പി2) 321/01/15.9.01 |
| 2000-01 | എൽ.എഫ്.ഇ(പി2) 1384/01/12.4.02 |
| 2001-02 | എൽ.എഫ്.ഇ(പി2) 1057/03/14.10.03 |
| 2002-03 | എൽ.എഫ്.ഇ(പി6) 92/05/14.10.05 |
| 2003-04 | എൽ.എഫ്.ഇ(പി2) 1754/06/11.2.08 |
| 2004-05 | എൽ.എഫ്.ഇ(പി2) 749/10/20.4.11 |
| 2005-06 | എൽ.എഫ്.ഇ(പി2) 750/10/30.4.11 |
| 2006-07 | എൽ.എഫ്.ഇ(പി2) 751/10/3.3.11 |
| 2008-09 | എൽ.എഫ്.ഇ(പി2) 1751/11/18.4.12 |
| 2009-10 | എൽ.എഫ്.ഇ(പി2) 1758/11/18.4.12 |
| 2011-12 | എൽ.എഫ്.ഇ(പി2) 2234/11/13.12.13 |
| 2012-13<br>2013-14 | എൽ.എഫ്.ഇ(പി10) 291/2015/19.2.15 |
| 2014-15 | കെ എസ് ഇ -ഇ കെ എം(പി10) 1173/16/16.7.16 |
| 2015-16 | കെ എസ് ഇ -ഇ കെ എം(പി12) 1924/16/8.12.16 |
| 2016-17 | കെ എസ് ഇ -ഇ കെ എം(പി12) 1652/2017/14.9.17 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി12)227/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :21.03.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്ത്യ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വരവിനങ്ങളുടെ ഡി സി ബി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്